LIBRARY ARCHIVES Kerala Legislative Assembly

9. ക്ഷേത്രവരുമാനത്തിന്റെ വിനിയോഗവും ധനസഹായം അനുവദിക്കലും

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയതയുടെ വിഷവിത്തുകൾ വിതയ്ക്കാനും ജനമനസ്സുകളിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിഷം കുത്തിവയ്ക്കാനും വ്യാപകമായ ശ്രമങ്ങളും ഗൂഢാലോചനകളും നടക്കുകയാണ്. ഇതിന്റെ ഭാഗമായി വെള്ളത്തിന് തീപിടിപ്പിക്കുന്ന വർത്തമാനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ കവർന്നെടുത്ത് മറ്റ് കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നുവെന്നതാണ് പ്രധാന ആരോപണം. അതേയവസരത്തിൽ ക്രൈസ്തവ ദേവാലയങ്ങളിലും മുസ്ലീം പള്ളികളിലുംനിന്നും ലഭിക്കുന്ന വരുമാനം അവർതന്നെ എടുക്കുന്നുവെന്ന് കുറ്റപ്പെടുത്തുകയും ചെയ്യുന്നു. മാൻഹോളിൽ അകപ്പെട്ടുപോയ തൊഴിലാളികളെ രക്ഷിക്കാൻ ജീവത്യാഗം നടത്തിയ നൗഷാദ് കാണിച്ചത് മണ്ടത്തരമായി എന്നുപറയാൻ ചുണ്ടുചലിപ്പിച്ച വികലമായ മനസ്സുകളാണ് ഇതിനുപിന്നിൽ. അവരുടെ കമ്മ്യൂണിക്കേഷൻ ഏറ്റെടുത്ത് ജാഥനടത്തുകയും പാർട്ടി ഉണ്ടാക്കുകയും ചെയ്തവർ ഇക്കാര്യം ഏറ്റുപാടുകയാണ്. കാര്യങ്ങളറിയാത്ത സാധാരണക്കാരുടെ മനസ്സിൽ മുറിവുണ്ടാക്കാൻ ഈ പ്രചരണം സഹായകരമായിട്ടുണ്ട്. അതിനാൽ ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം സർക്കാർ മറ്റേതെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കണം. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ക്ഷേത്രങ്ങൾക്കും ദേവസ്വം ബോർഡുകൾക്കും സർക്കാർ ഗ്രാന്റോ മറ്റ് ധനസഹായങ്ങളോ നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. കുറച്ചുദിവസമായി സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ വരുമാനം എടുത്ത് മറ്റുപല കാര്യങ്ങൾക്കും വിനിയോഗിക്കുന്നുവെന്നുള്ള വ്യാജമായ പ്രചരണം കേരളമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശം ഞാൻ ഇവിടെ സൂചിപ്പിക്കാം. സംസ്ഥാനത്തെ ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളുടെ വരുമാനം ട്രഷറിയിൽ നിക്ഷേപിച്ച് മറ്റുപല ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുന്നുവെന്ന പ്രചരണം തികച്ചും അടിസ്ഥാനരഹിതമാണ്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം അതത് ദേവസ്വം ബോർഡുകളുടെ ബാങ്ക് അക്കൗണ്ടിലും മലബാർ

ദേവസ്വം ബോർഡ്, ഗുരുവായൂർ, കൂടൽമാണിക്യം ക്ഷേത്രങ്ങളിലെ വരുമാനങ്ങൾ അതത് ക്ഷേത്രങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിക്കുന്ന ആഡിറ്റർമാരാണ്. നിലവിൽ അത് ലോക്കൽ ഫണ്ട് വകുപ്പാണ് ചെയ്യുന്നത്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെയും, കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം ബോർഡുകളുടെയും വരവ്-ചെലവ് കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ നിർവ്വഹിച്ചുവരുന്നു. ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ആഡിറ്റ് റിപ്പോർട്ടുകൾ പബ്ലിക് ഡോക്യുമെന്റായതിനാൽ ഇവ പരിശോധിച്ചാൽ ക്ഷേത്രങ്ങളുടെ വരുമാനം ക്ഷേത്രങ്ങൾക്കുവേണ്ടി മാത്രമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാകും. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് ഒരു നിശ്ചിത തുകയിൽ കൂടുതൽ ചെലവഴിക്കണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ആവശ്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല ഉൾപ്പെടെയുള്ള വിവിധ ക്ഷേത്രങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി 106.30 കോടി രൂപയും കൊച്ചിൻ ദേവസ്വം ബോർഡിനുവേണ്ടി 2 കോടി രൂപയും മലബാർ ദേവസ്വം ബോർഡിനുവേണ്ടി 60.31 കോടി രൂപയും സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ഇതുവരെ 62.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ചമ്രവട്ടം ക്ഷേത്രം അഗ്നിബാധയിലായപ്പോൾ പുനരുദ്ധാരണത്തിന് ദേവസ്വം ബോർഡ് നൽകിയതുകൂടാതെ 5 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റും അനുവദിച്ചിട്ടുണ്ട്. ചൊവ്വല്ലൂർ ക്ഷേത്ര പുനരുദ്ധാരണത്തിന് 4 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആകെ 231.38 കോടി രൂപ വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കുമായി സർക്കാർ ഖജനാവിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. ഇതിനുമുമ്പ് ഒരു കാലഘട്ടത്തിലും സർക്കാരിൽനിന്ന് ദേവസ്വം ബോർഡുകൾക്കോ ക്ഷേത്രങ്ങൾക്കോ ഇത്രയധികം തുക അനുവദിച്ചിട്ടില്ല എന്നുള്ളകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുകൂടാതെ 2011 മുതൽ 2015 വരെ

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തൊണ്ണൂറിയഞ്ചരക്കോടിരൂപ ഉൾപ്പെടെ 540 കോടി രൂപയാണ് ശബരിമല റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി ഈ ഗവൺമെന്റ് ഇതുവരെ ചെലവഴിച്ചത്. ശബരിമല വികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെലവഴിക്കുന്ന ദേവസ്വം ബോർഡ് ഫണ്ടിനുപരിയായി ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റി മുഖേന കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ വർഷംതന്നെ സർക്കാർ ഫണ്ടുപയോഗിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ മേഖലകളിൽ 65 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്; 6 കൃ കോംപ്ലക്സുകൾ, വാട്ടർ ടാങ്കുകൾ, ടോയ്ലെറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 3500 വാഹനങ്ങൾ പാർക്ക് ചെയ്യത്തക്കരീതിയിലുള്ള ഇന്റർലോക്കിംഗ് സംവിധാനം എന്നിവ ഇതിനകത്ത് ഉൾപ്പെടുന്നു. ആരോഗ്യ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് മോഡേൺ മെഡിസിൻ, ആയുർവ്വേദം, ഹോമിയോ വകുപ്പുകൾ എന്നിവ ഉൾപ്പെടുത്തി 15 കോടി രൂപ ചെലവിൽ പമ്പയിൽ ആശുപത്രി കെട്ടിട സമുച്ചയം നിർമ്മിച്ചുകഴിഞ്ഞു. അതുപോലെതന്നെ സന്നിധാനത്ത് ഈ വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ടായ 5 കോടി രൂപ ഉപയോഗിച്ച് പുതിയ ആശുപത്രി കെട്ടിടത്തിന് തറക്കല്ലിട്ടു. കേരള വാട്ടർ അതോറിറ്റി 6 കോടി രൂപ ചെലവിൽ പമ്പ മുതൽ സന്നിധാനംവരെ പാരലൽ പൈപ്പ്ലൈൻ സ്ഥാപിച്ചു. പോലീസ് ബസ്സിന് 2 കോടി രൂപ, ശബരിമലയിൽ ഡ്യൂട്ടിയുള്ള ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് റ്റി.എ. നൽകുന്നതിനായി 75 ലക്ഷം രൂപ, ശബരിമലയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 3 കോടി രൂപ, ശുചീകരണത്തിന് വിശുദ്ധസേനയെ നിയോഗിക്കുന്നതിന് ഒന്നരക്കോടി രൂപ, ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് 10 ലക്ഷം രൂപ, ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് 5 ലക്ഷം രൂപ അടിയന്തരാവശ്യങ്ങൾക്ക് നൽകുന്നതിനുവേണ്ടി ഈ വർഷവും നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറ്റുകാൽ ക്ഷേത്രത്തിൽ ഓരോവർഷവും ഉൽസവത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഏകദേശം 10 കോടിരൂപ അനുവദിക്കുകയാണ്. 2011 മുതൽ 2015 വരെ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച തുകയുടെ ചെറിയൊരു രൂപംകൂടി ഞാൻ പറയാം. തിരുവിതാംകൂർ ദേവസ്വം ബോർഡ്-ശബരിമല-ഗ്രാന്റ്

LIBRARY ARCHIVES Kerala Legislative Assembly

2011 മുതൽ 2015 വരെ 4 കോടിരൂപ നൽകിയിട്ടുണ്ട്. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് അങ്ങ് തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡുകളുടെ കാവുകൾക്കും കുളങ്ങൾക്കും ക്ഷേത്രങ്ങൾക്കുമായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന് സംസ്ഥാന ഗവൺമെന്റാണ് മുഖ ചെലവഴിക്കുന്നത്. 2011-15 വരെ 65 കോടി രൂപ ബഡ്ജറ്റിൽ ഓരോവർഷവും ആദ്യമായി 25 കോടി രൂപ വീതം വച്ചുകൊണ്ടാണ് ക്ഷേത്രത്തിലെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നത്. വൈക്കം കലാപീഠം - 5 ലക്ഷം രൂപ, വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രം-80 ലക്ഷം രൂപ, ശബരിമല പോലീസ് ബസ് - 6.55 കോടി രൂപ, ഡോക്ടർമാർക്ക് റ്റി.എ. ഇതുവരെ 3.85 കോടിരൂപ, സാനിട്ടേഷൻ സൊസൈറ്റി ശുചീകരണം - 5.4 കോടി രൂപ, ജില്ലാ കളക്ടർമാർക്ക്-1.90 കോടി രൂപ, സീറോ വേസ്റ്റ് മാനേജ്മെന്റ് - 5 കോടി രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 9.75 കോടി രൂപ എന്നരൂപത്തിൽ അങ്ങനെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 106.30 കോടി രൂപ സംസ്ഥാനഗവൺമെന്റ് ഇതുവരെ അനുവദിച്ചിട്ടുണ്ട്. ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിന്റെ സ്വത്തുക്കൾ കണ്ടെത്തിയതിനുശേഷം സുരക്ഷാസംവിധാനവുമായി ബന്ധപ്പെട്ട് 60.18 കോടി രൂപ സെക്യൂരിറ്റിക്കുവേണ്ടി മാത്രം അനുവദിച്ചു. ഗ്രാന്റ് ഒരുകോടി രൂപ അനുവദിച്ചു. പത്മതീർത്ഥക്കുളം നവീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചു. മലബാർ ദേവസ്വം ബോർഡിന്റെ ഗ്രാന്റ് 18 കോടി രൂപയായിരുന്നത് ഇപ്പോൾ ആകെ 33 കോടി രൂപ അനുവദിച്ചു. 2011 മുതൽ 2015 വരെ 52.86 കോടി രൂപ, ആചാരസ്ഥാനീയർക്ക് പെൻഷൻ 4 കോടി രൂപ, കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് മൂന്നരക്കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡിന് 2 കോടി രൂപ, കൂടൽമാണിക്യം ദേവസ്വം ബോർഡിന് 50 ലക്ഷം രൂപ ഇങ്ങനെ കോടിക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന്, ശബരിമല പോലെയുള്ള മഹാക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ക്ഷേത്രങ്ങളുടെ വരുമാനം വകമാറ്റി ചെലവഴിക്കുന്നുവെന്ന് സംസ്ഥാന വ്യാപകമായി ചില കേന്ദ്രങ്ങൾ വ്യാജപ്രചരണം നടത്തുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്, ഖേദകരമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly